കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് റിപ്പോർട്ട് - പെരിന്തൽമണ്ണ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 2314/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.07.2017

==========

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.01.2014 തീയതിയിലെ ഇ10 (വിഇ 05/2012/എംപിഎം) 12432/7012 നമ്പർ കത്ത്.

2) സർക്കാരിൽ നിന്നുള്ള 30.05.2015 തീയതിയിലെ 27613/ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.

3) നഗരകാര്യ ഡയറക്ടറുടെ 22.02.2017 തീയതിയിലെ വി2-12764/2015 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പെരിന്തൽമണ്ണ നഗരസഭാ ഓഫീസിൽ നടത്തിയ പരിശോധനയിൽ ടി ഓഫീസിലെ ഹെൽത്ത് വിഭാഗത്തിൽ ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ, ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന് കണ്ടെത്തിയതിനെത്തുടർന്ന്, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ശ്രീ.ബുധരാജ്, ശ്രീ. അനീഷ്. കെ., ശ്രീ. രാജേഷ് കുമാർ. ജി, ശ്രീ. ദീപേഷ് തലക്കാട്, ശ്രീ. മുഹമ്മദ് ഇക്ബാൽ, ശ്രീ.കെ. മധുസൂദനൻ നായർ, ശ്രീ. റഫീക്ക്. സി. എന്നിവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ടിയാളുകൾക്കെതിരെ ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

2. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ച മറുപടിയിന്മേൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കുറ്റാരോപണ മെമ്മോയിൽ 7 ജീവനക്കാർക്കെതിരെയും ആരോപിക്കപ്പെട്ടിട്ടുള്ളത് 2010-11, 2011-12

കാലയളവിലെ ഡി & ഒ രജിസ്റ്ററുകൾ ശരിയായ വിധത്തിൽ സൂക്ഷിച്ചിരുന്നില്ല എന്നതാണ്.

3. ശ്രീ.ബുധരാജ് 18.05.2011 മുതൽ 04.05.2015 വരെ കാലയളവിലാണ് ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായി പെരിന്തൽമണ്ണ നഗരസഭയിൽ ജോലി ചെയ്തിരുന്നത് എന്നും, ഹോസ്പിറ്റൽ സിറ്റിയായ പെരിന്തൽമണ്ണ നഗരസഭയിൽ വർഷത്തിൽ ഏകദേശം 14,000 ത്തോളം ജനനമരണവും 250 നടുത്ത് വിവാഹങ്ങളും നടക്കുന്നതായും ഇതുമായി ബന്ധപ്പെട്ട അടിയന്തിര പ്രാധാന്യമുള്ള ജോലികളും കൂടാതെ ഹെൽത്ത് വിഭാഗം മേധാവി എന്ന നിലയിൽ പൊതു ശുചീകരണ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസിൽ മീറ്റിംഗുകൾ, മറ്റു മീറ്റിംഗുകൾ, എന്നിവയും കൈകാര്യം ചെയ്തിരുന്നതായും പ്രസ്തുത രജിസ്റ്ററുകൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ യഥാവിധി തയ്യാറാക്കിയിട്ടുള്ളതായും മേലിൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണ് എന്നുമുള്ള ടിയാന്റെ മറുപടി ടി നഗരസഭയിലെ 2012 മുതൽ 2015 വരെയുള്ള കാലയളവിലെ ജനന മരണ രജിസ്ട്രേഷന്റെ എണ്ണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഇക്കാര്യത്തിൽ ടിയാന്റെ വാദം ഏറെക്കുറെ അംഗീകരിക്കാവുന്നതാണെന്ന് കാണുന്നുണ്ടെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ അറിയിക്കുന്നു.

4. 24 വാർഡുകൾ നിലവിലുള്ള പെരിന്തൽമണ്ണ നഗരസഭയിൽ 23.05.2011 ലെ സെക്രട്ടറിയുടെ ഉത്തരവിൽ ഓരോ ഹെൽത്ത് വിഭാഗം ജീവനക്കാർക്കും വാർഡിന്റെ ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ട്. 1, 2, 3, 4, 13, 14, 15, 16 വാർഡിന്റെ ചുമതലകൾ ശ്രീ.കെ. മധുസൂദനൻ നായർക്കും, 10, 11, 12, 17, 18, 19, 20, 21 വാർഡിന്റെ ചുമതലകൾ ശ്രീ. റഫീഖ്.സി. എന്നവർക്കും, 6, 7, 8, 9 വാർഡിന്റെ ചുമതലകൾ ശ്രീ. അനീഷ്. കെ. എന്നവർക്കും 5, 22, 23, 24 വാർഡിന്റെ ചുമതലകൾ ശ്രീ. രാജേഷ് കുമാറിനുമാണ് വീതിച്ചു നൽകിയിട്ടുള്ളത്. 2010-11, 2011-12 വർഷങ്ങളിലെ ഡി & ഒ ലൈസൻസ് രജിസ്റ്ററും നിലവിൽ കൈകാര്യം ചെയ്ത് വരുന്ന 2016-17 വർഷത്തെ രജിസ്റ്ററും സാമാന്യമായി പരിശോധിച്ചതിൽ ഓരോ വർഷത്തേയും ട്രേഡ് ലൈസൻസ് സംബന്ധിച്ച കടകളുടെ ഉടമസ്ഥരുടെ വിവരവും ഫീസ് സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. ഓരോ വർഷവും ലഭിക്കുന്ന സപ്ളിമെന്ററി അപേക്ഷകരുടെ വിവരവും രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. ഇക്കാര്യത്തിലെ ഡിമാന്റ് കളക്ഷൻ സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ട രസീത് നമ്പറും രേഖപ്പെടുത്തി കാണുന്നു. മേൽ വസ്തുതയിൽ നിന്നും ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ ഏറെക്കുറെ രേഖപ്പെടുത്തലുകൾ സഹിതം സൂക്ഷിച്ചതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് നിന്ന് വീഴ്ച വന്നിട്ടുള്ളതായി നിലവിലെ പരിശോധനയിൽ കണ്ടെത്താനായിട്ടില്ല എന്നും 23.05.2011-ലെ സെക്രട്ടറിയുടെ ചുമതലാ വിഭജന ഉത്തരവിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ശ്രീ. ദീപേഷ് തലക്കാട്ട്, മുഹമ്മദ് ഇഖ്ബാൽ എന്നിവർ യഥാക്രമം മലപ്പുറം, നിലമ്പൂർ നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച് പോയിട്ടുള്ളതുമാണ് എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ യഥാസമയം ലൈസൻസ് അനുവദിക്കുന്നതു സംബന്ധിച്ചും ക്യാൻസൽ ചെയ്യുന്നതു സംബന്ധിച്ചും രേഖപ്പെടുത്തലുകൾ വരുത്തിയില്ല എന്നതാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം എന്ന്

കാണുന്നു. വിജിലൻസ് അന്വേഷണത്തിൽ ഇക്കാര്യം കണ്ടെത്തിയെന്നുള്ളതിനാലാണ് ഇവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ നൽകിയത്. എന്നാൽ സാമ്പത്തിക നഷ്ടം ഉണ്ടായില്ല എന്ന് കണ്ടതിനാൽ ലഘു ശിക്ഷയ്ക്കാണ് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്.

ജീവനക്കാരുടെ മറുപടിയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും മേൽ ജീവനക്കാരുടെ ഭാഗത്തുനിന്നും മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നുണ്ട്. മേൽ സാഹചര്യത്തിൽ പെരിന്തൽമണ്ണ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ബുധരാജ്, ശ്രീ. അനീഷ്.കെ, ശ്രീ.രാജേഷ് കുമാർ. ജി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ദീപേഷ് തലക്കാട്, ശ്രീ. മുഹമ്മദ് ഇഖ്ബാൽ, ശ്രീ. കെ. മധുസൂദനൻ നായർ, ശ്രീ. റഫീക്ക്. സി എന്നിവർക്ക് KCS(CC&A) റൂൾസ് ചട്ടം 11(1)(i) പ്രകാരമുള്ള 'താക്കീത്' എന്ന ലഘുശിക്ഷ നൽകി, ടിയാളുകൾക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്,
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ